പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1344** **11.08.2017 ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ചേലക്കരയിലെ നടത്തിപ്പ്**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമാക്കുന്നതിന് ചേലക്കര നിയോജക മണ്ഡലത്തിൽ കൃഷിഭവനുകൾ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; | എ) ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്കുകളിലെ 9 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി ഭവൻ തലത്തിൽ ഉദ്ഘാടനം നടത്തുകയും കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ എന്നിവർക്ക് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ട്രെയിനിങ്ങുകൾ നടത്തുകയും ചെയ്തു. കൂടാതെ കൃഷി ഭവൻ തലത്തിൽ സ്കൂളുകൾ തിരഞ്ഞെടുത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുകയും ചെയ്തു. |
| ബി) | ഈ പദ്ധതിയ്ക്കായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കൃഷിഭവനുകളിലായി കർഷകർക്കും, വിദ്യാർത്ഥികൾക്കും, സന്നദ്ധ സംഘടനകൾക്കുമായി 33455 വിത്ത് പായ്ക്കറ്റുകളും, 50000 പച്ചക്കറി തൈകളും വിതരണം ചെയ്തു. 5000 ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം വിതരണം ചെയ്ത 5000 ഗ്രോബാഗുകൾക്ക് തൈകൾ, വളം, എന്നിവ നൽകിയിട്ടുണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് തുടർന്നും വേണ്ട മറ്റു സാങ്കേതിക നിർദ്ദേശങ്ങൾ കൃഷി ഭവനുകൾ വഴി നൽകുന്നതാണ്. |

| | | |
|---|---|---|
| സി) | കൃഷി ചെയ്യുന്നതിന് ഏതെല്ലാം പച്ചക്കറികളെയാണ് മുഖ്യമായും തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ? | സി) വെണ്ട, പയർ, ചീര, വഴുതന, മുളക്, തക്കാളി എന്നീ പച്ചക്കറികളാണ് മുഖ്യമായും തിരഞ്ഞെടുത്തിട്ടുള്ളത്. |

Maya

**സെക്ഷൻ ഓഫീസർ**